II ഇ.ബി. XI-കേരള നിയമസഭ/V4

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2003 ജനുവരി 31, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 26 (*91) വായ്പാ സഹകരണസംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ) നൽകിയ മറുപടിയിൽ, കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും പ്രകൃതിക്ഷോഭം, വരൾച്ച ഇവ മൂലമുണ്ടായ വിളനാശവും , പൊതുവേയുള്ള സാമ്പത്തിക മാന്ദ്യവും കാരണം വായ്പാ തിരിച്ചടവ് ഗണ്യമായി കുറഞ്ഞത് സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംഘങ്ങളുടെ ആഡിറ്റ്/തെരഞ്ഞെടുപ്പ് തുടങ്ങിയ ചെലവുകൾ വർദ്ധിച്ചികൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഡിറ്റ് ഫീസ് നിരക്കിൽ വർദ്ധനവ് വരുത്താതെ പരമാവധി 15,000 രൂപ എന്നത് 25,000 രൂപയായി 2000-ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് വൻകിട സഹകരണ സംഘങ്ങൾക്കേ ബുദ്ധിമുട്ടുണ്ടാക്കുകയുള്ളൂ. ക്ഷീര സഹകരണ സംഘങ്ങളെ ഇത് ബാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച വൺടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശയിലും മറ്റും

കിട്ടാനുള്ള തുക കിട്ടാതാകുമെങ്കിലും കിട്ടാക്കടമായി കിടക്കുന്ന സംഖ്യ പിരിഞ്ഞു കിട്ടുന്നത് സംഘത്തിന്റെ പ്രവർത്തനത്തിന് സഹായകമാകും. വൺടൈം സെറ്റിൽമെന്റ് വഴി. സൊസൈറ്റികൾക്ക് 602 കോടി 84 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഇതുവഴി 26 കോടി രൂപ കാർഷിക കടക്കാർക്ക് ആശ്വാസം നൽകാൻ സാധിച്ചിട്ടുണ്ട്. കൂടിയ പലിശ നിരക്കിൽ സമാഹരിച്ച നിക്ഷേപങ്ങൾ കുറഞ്ഞ നിരക്കിൽ വായ്പയായി നൽകിയതുമൂലം സഹകരണ സംഘങ്ങൾക്ക് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ഈ സർക്കാർ വന്നശേഷം പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നെടുക്കുന്ന വായ്പയുടെ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. വായ്പയുടെ പലിശ നിരക്ക് 50,000 രൂപവരെ 12%, 50,000 രൂപ മുതൽ 2,00,000 രൂപവരെ 13%, 2,00,000 രൂപയ്ക്കു മുകളിൽ 14% വുമാണ്. ഡെപ്പോസിറ്റിന് ഒരു വർഷത്തേക്ക് പലിശ 5%, രണ്ടു വർഷം വരെ 8.45%, രണ്ടു വർഷം മുതൽ മൂന്നു വർഷം വരെ 9%, മൂന്നു വർഷത്തിനു മുകളിൽ 9.25% എന്ന ക്രമത്തിലാണ്. പുനർ വായ്പാ പദ്ധതി പ്രകാരം സംഘങ്ങൾക്ക് ലഭ്യമാകുന്ന 25,000 രൂപവരെയുള്ള വായ്പകൾക്ക് 2.5% മാർജിനും അതിനു മുകളിലുള്ള വായ്പകൾക്ക് 2% മാർജിനുമാണ് 2000 മാർച്ചിൽ ലഭ്യമായിരുന്നത്. ഇപ്പോഴും തുടരുന്ന ഇതേ മാർജിൻകൊണ്ട് ലാഭകരമായി പ്രവർത്തിക്കാമെന്ന് കരുതുന്നു. സഹകരണ സംഘങ്ങളുടെ നഷ്ടം നികത്താൻ പാഴ്ചെലവുകൾ, ധൂർത്ത് , അധിക നിയമനം ഇവ നിയന്ത്രിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം അൺലൈസൻസ്ഡ് അർബൻ ബാങ്കുകൾ സൊസൈറ്റി എന്ന പേരിൽ പ്രവർത്തിക്കുകയാണ്. കാർഷിക കടാശ്വാസ നിയമപ്രകാരമുള്ള പലിശയിളവിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം അൻപതു കോടി യിലധികം രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള ബിൽ നിയമസഭയിൽ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതിനെക്കുറിച്ച് ഏതു ലവലിൽ ചർച്ച ചെയ്യാനും ഗവൺമെന്റ് തയ്യാറാണ്. കണ്ണൂർ, കാസർകോട്, വയനാട്, ആലപ്പുഴ ഒഴികെയുള്ള ജില്ലാ ബാങ്കുകൾക്ക് ട്രഷറിയിൽ നിക്ഷേപമുള്ളതുകൊണ്ട് നബാർഡ് റീഫൈനാൻസിംഗ് നിർത്തിവച്ചു. എന്നാൽ കണ്ണൂർ ജില്ലാ ബാങ്കിന് ട്രഷറി നിക്ഷേപമുണ്ടെന്നുകണ്ടതുകൊണ്ട് അവിടെയും

പണം കൊടുത്തു തീർക്കാൻ വൺടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഗഡുക്കളായി ഈ തുക കൊടുത്തു തീർക്കാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നബാർഡ് റീഫൈനാൻസിംഗ് തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. വൺടൈം സെറ്റിൽമെന്റ് അനുസരിച്ച് കൃഷിക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ പല പ്രൈമറി സംഘങ്ങളും കൊടുക്കാതിരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നാളികേരത്തിനും, റബ്ബറിനും വില കൂടിയ സാഹചര്യത്തിൽ ഫെബ്രുവരി മാസം കുടിശ്ശിക നിർമ്മാർജ്ജന മാസമായി ആചരിച്ച് പ്രൈമറി സംഘങ്ങളെ രക്ഷപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 1% പലിശയിളവ് കുടിശ്ശിക നിർമ്മാർജ്ജന മാസത്തിൽ പ്രഖ്യാപിക്കാൻ പോകുകയാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

27 (*92) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച പുനരുദ്ധാരണ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി സംസ്ഥാനത്തെ 12 പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഏകദേശം പതിനെട്ടോളം പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി അതതു മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധൻമാരെ നിയമിച്ചിട്ടുണ്ട്. കൂടുതൽ ടെക്നോക്രാറ്റുകളെ ആവശ്യാനുസരണം നിയമിക്കുന്ന കാര്യം പുനരുദ്ധാരണ പരിപാടികൾ നടപ്പാക്കുന്ന അവസരത്തിൽ പരിശോധിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ വി.ആർ.എസ്. ഉൾപ്പെട്ട വൺടൈം സെറ്റിൽമെന്റിന് 100 കോടി രൂപയുടെ ആവശ്യമുണ്ട്.

ഈ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് അടക്കമുള്ള പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കേണ്ടി യിരിക്കുന്നു. ബഡ്ജറ്റിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇഷ്ടംപോലെ വർക്കിംഗ് ക്യാപിറ്റൽ കൊടുക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. റിട്ടയർ ചെയ്ത ആളുകളെ നിയമിക്കുന്നത് നിരുൽസാഹപ്പെടുത്തുകയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*93) <u>ടെക്നോപാർക്കിന്റെ വികസനം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കൂടുതൽ ടെക്നോപാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടെന്ന് സഭയെ അറിയിച്ചു. കൊച്ചിയിൽ കാക്കനാട്ട് പ്രവർത്തിക്കുന്ന കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ഒരു പുതിയ ടെക്നോപാർക്ക് സ്ഥാപിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിൽ ഐ.ടി. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മൊത്തം 8,66,563 സ്ക്വയർ ഫീറ്റ് സ്ഥലമാണുള്ളത്. ഇതിൽ 5,22,749 സ്ക്വയർ ഫീറ്റ് സ്ഥലത്തും യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. ടെക്നോപാർക്കിൽ ഇപ്പോൾ 47 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ടെക്നോപാർക്കിൽ പ്രവർത്തിച്ചിരുന്ന ഇൻഡ് സോഫ്റ്റ്, ബ്രഹ്മാ സോഫ്റ്റ്‌വെയർ, മെഗാലക്സ് എന്നീ കമ്പനികൾ പ്രവർത്തനം മതിയാക്കിയിട്ടുണ്ട്. ടെക്നോപാർക്ക് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ടെക്നോപാർക്കിന്റെ വികസന പ്രവർത്തനങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഐ.ടി. വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി സമഗ്രമായ ഒരു ഐ.ടി. നയവും ഇൻസെന്റീവ് പാക്കേജും സർക്കാർ ഇതിനകം തന്നെ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ തിരുവനന്തപുരം ടെക്നോപാർക്കിലേക്ക് കൂടുതൽ വ്യവസായികളെ ആകർഷിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, മികച്ച ജലവൈദ്യുതി ലഭ്യത, ഡാറ്റാ കണക്റ്റിവിറ്റി, ബിസിനസ് ഇൻകുബേഷൻ സെന്റർ, സോഫ്റ്റ്‌വെയർ കോമ്പിറ്റൻസ് സെന്റർ,

പ്രവർത്തനങ്ങൾ, ഏറ്റവും മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്താനുള്ള ടാലന്റ് ട്രാക്ക് പ്രോഗ്രാമുകൾ എന്നിവ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

29 (*101) <u>കടലിൽനിന്നുള്ള മണൽ ഖനനം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, മുംബൈ ആസ്ഥാനമായുള്ള ക്രൗൺ മാരിടൈം കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനം ആഴക്കടലിൽനിന്നും മണൽ ഖനനം ചെയ്യാനുള്ള നിർദ്ദേശവുമായി ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ചു.

30 (*107) <u>വ്യാവസായിക നിക്ഷേപം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം നടത്തുന്നതിനായി കമ്പ്യൂട്ടർ മേഖലയിലെ 24/7 കസ്റ്റമർ ഡോട്ട് കോം, ഗ്ലോബൽ ഇൻഫോലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, സതെർലാന്റ് ടെകനോളജീ, മൈക്രോസോഫ്റ്റ്, ഇൻഫോസിസ്, ജി.ഇ. ക്യാപ്പിറ്റൽ, വിപ്രോ, സ്പെക്ട്രാമിൻഡ്, ട്രാൻസ്വർക്സ്, ഐ.സി.ഐ.സി.ഐ.വൺ സോഴ്സ്, ഡാറ്റാമാറ്റിക്സ്, നെറ്റ് കസ്റ്റമർ, ഡബ്ലിയു.എൻ.എസ്.ഗ്രൂപ്പ്, ഇ.എക്സ്.എൽ സർവീസ്, ഡാക്ഷ്, അജിലന്റ് ടെക്നോളജി, ഇ സെർവ്, അമേരിക്കൻ എക്സ്പ്രസ്, എച്ച്.പി.ഗ്ലോബൽ സർവീസസ്, ഫസ്റ്റ് റിംഗ്, തോംസൺ ഫിനാൻഷ്യൽ, മോട്ടിഫ്, കൺവെർജിസ്, റ്റി.എ.എസ്., ബ്രിട്ടീഷ് ടെലികോം, ഏർണസ്റ്റ് യങ്ങ്, ഹ്യൂസ്, കോഗ്നിസന്റ് ടെക്നോളജി, പി.ഡബ്ലിയൂ.സി., വി.കസ്റ്റമർ, എച്ച്.സി.എൽ. ഇൻഫോ, കെ.റഹേജാ, എംഫസിസ്, യു.എസ്.ഡാറ്റാപോർട്ട്, നാസിയോ ഡേറ്റാ സെന്റർ, ഇന്റൽ, നെറ്റ് 4 ഇൻഡ്യ ലിമിറ്റഡ്, ഐ.ബി.എം., സിഡ്കോ, മെക്കൻസി എന്നീ വൻകിട വ്യവസായികളെയാണ് ക്ഷണിച്ചിട്ടുള്ളതെന്നറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

22( 486) ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച വ്യവസായങ്ങൾ

ഈ ഗവൺമെന്റിന്റെ കാലത്ത് 29414 ചെറുകിട വ്യവസായങ്ങളും 30 വൻകിട വ്യവസായങ്ങളും ആരംഭിച്ചു.

23 ( 494) പീഡിത വ്യവസായങ്ങൾ

31–12–2002–ലെ കണക്കുപ്രകാരം 2340 പീഡിത ചെറുകിട വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്.

24 (495) അടച്ചുപൂട്ടിയ ചെറുകിട സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 117 ചെറുകിട സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

25 (543) സാമൂഹ്യ സുരക്ഷാ പദ്ധതികൾ

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാപദ്ധതികൾ താഴെപ്പറയുന്നവയാണ്:

ഓർഫനേജുകൾ ഉൾപ്പെടെയുള്ള ധർമ്മസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്

മുൻ കുറ്റവാളികൾക്കും പ്രൊബേഷണർമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പുനരധിവാസത്തിനുമായി ധനസഹായം

വൃദ്ധസദനങ്ങൾ, വികലാംഗ സദനങ്ങൾ, കെയർ ഹോം, ചിൽഡ്രൻസ് ഹോം, ബാലനീതിയനുസരിച്ച് കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ്

സംയോജിത ശിശുവികസന പദ്ധതി

വികലാംഗരായ കുട്ടികൾക്കും സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന മാനസികവൈകല്യമുള്ള കുട്ടികൾക്കും സ്കോളർഷിപ്പ്

വൃദ്ധർ, വിധവകൾ, വികലാംഗർ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ എന്നിവർക്ക് പെൻഷൻ

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനും
പട്ടികജാതി/പട്ടികവർഗ്ഗക്കാർഒഴികെയുള്ള മിശ്ര വിവാഹിതർക്കുള്ള ധനസഹായം

കുടുംബത്തിലെ പ്രധാന വരുമാന ആർജ്ജിതാവ് മരണമടയുമ്പോൾ കുടുംബത്തിന് ധനസഹായം നൽകുന്ന ദേശീയ കുടുംബക്ഷേമപദ്ധതി

26 (546, 547) <u>അനാഥശാലകൾ</u>

സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 485 അനാഥശാലകൾ ഉണ്ട്. ഇവിടത്തെ ഒരു അന്തേവാസിക്ക് പ്രതിമാസം 125 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു.

27 (548) <u>വികലാംഗർക്കായുള്ള ക്ഷേമപദ്ധതികൾ</u>

സംസ്ഥാനത്ത് വികലാംഗർക്കായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ്, വികലാംഗ സംരക്ഷണ ഭവനങ്ങൾക്കായുള്ള സംസ്ഥാന സഹായ പദ്ധതി, വികലാംഗ ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാബത്ത, അന്ധരും അസ്ഥി സംബന്ധമായ വൈകല്യവുമുള്ള അഭിഭാഷകർക്കുള്ള ധനസഹായം, വികലാംഗർക്കുള്ള സംസ്ഥാന അവാർഡ്, വികലാംഗ ദുരിതാശ്വാസ നിധി, വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് എന്നീ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. ഇതുകൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻ വഴി വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു; ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ ചെയ്യുന്നതിനാവശ്യമായ ധനസഹായം നൽകുന്നു. വികലാംഗരുടെ സഹകരണ സംഘങ്ങൾ, സ്വാശ്രയ സംഘങ്ങൾ എന്നിവ വഴി അന്ധർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കിക്കൊടുക്കുന്നു. എസ്.എസ്.എൽ.സി. ക്ക് ജില്ലയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വികലാംഗരായ കുട്ടികൾക്ക് 2500 രൂപ നിരക്കിൽ ക്യാഷ് അവാർഡും നൽകിവരുന്നു.

28 (554) <u>ഇൻഫർമേഷൻ ടെക്നോളജി വികസനം</u>

ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനത്തിനായി ഫ്രണ്ട്സ്, സേവന, ഐ.ടി. വ്യവസായ വികസനം, കണ്ടെന്റ് ജനറേഷൻ, സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, അക്ഷയ, ഐ.ടി. പാർക്കുകൾ എന്നീ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

29 (556) <u>ഹാർഡ്‌വെയർ–സോഫ്റ്റ്‌വെയർ ഉൽപാദന യൂണിറ്റുകൾ</u>

സംസ്ഥാനത്ത് സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള പാർക്കുകളിൽ 254 സോഫ്റ്റ്‌വെയർ യൂണിറ്റുകളും 2 ഹാർഡ്‌വെയർ യൂണിറ്റുകളും ഉണ്ട്.

30 (558) <u>കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി</u>

കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ അക്ഷയ പ്രോജക്ടിന്റെ ഭാഗമായി കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഒരു കുടുംത്തിലെ ഒരാളെ വീതം കമ്പ്യൂട്ടർ സാക്ഷരരാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

31 (578) <u>പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസുകൾ</u>

കേരളത്തിൽ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രൊഫഷണൽ ആന്റ് എകസിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

32 (580) <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ</u>

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 3,956,017 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 20523 പേർക്ക് (2002 നവംബർ മാസംവരെ) തൊഴിൽ നൽകിയിട്ടുണ്ട്

..

42.34 ലക്ഷം രൂപ വീതം വിലയുള്ള വോൾവോ കമ്പനിയുടെ രണ്ട് ബസ്സുകൾ തിരുവനന്തപുരം-പാലക്കാട്, തിരുവനന്തപുരം-കോഴിക്കോട് റൂട്ടുകളിൽ ഓടിക്കുന്നതുവഴി കെ.എസ്.ആർ.ടി.സി.ക്ക് ബസ്സൊന്നിന് പ്രതിദിന ശരാശരി വരുമാനം 24,000 രൂപയും ചെലവ് 11,664 രൂപയുമാണ്.

34 (623) പുതിയ സഹകരണ സംഘങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ നൽകിയ 460 സഹകരണ സംഘങ്ങൾക്ക് 85,000 രൂപ മൂലധനസഹായമായി അനുവദിച്ചിട്ടുണ്ട്.

35 ( 624) രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ

സംസ്ഥാനത്ത് ഇതുവരെ 12108 സഹകരണസംഘങ്ങൾ ( 3412 ക്രെഡിറ്റ് വിഭാഗത്തിലും 8696 എണ്ണം നോൺക്രെഡിറ്റ് വിഭാഗത്തിലും) രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

36( 637) തുറമുഖ വികസന പദ്ധതികൾ

വിഴിഞ്ഞം, അഴീക്കൽ, ആലപ്പുഴ, ബേപ്പൂർ, തങ്കശ്ശേരി, മുനമ്പം/പൊന്നാനി എന്നീ ആറു തുറമുഖങ്ങളുടെ വികസനത്തിനായി 49600 ദശലക്ഷം രൂപയുടെ വികസന പദ്ധതികൾ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ സമർപ്പിച്ചിട്ടുണ്ട്.

. . . . . . . . .